ചൈനീസ് സാങ്കേതിക സഹകരണത്തോടെ കേരളത്തിൽ പ്രവർത്തിക്കുന്ന മിനി മൈക്രോ ഫൈനൽ പ്രോജക്ടുകൾ

9 (2287) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സാങ്കേതിക സഹകരണത്തോടെ കേരളത്തിൽ എത്ര മിനി മൈക്രോ ഫൈനൽ പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയവ എത്ര എണ്ണമാണ് ;

(സി) ഇതിൽ ഓരോന്നും എത്ര മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള നിലയങ്ങളെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ നിർമ്മാണം തുടങ്ങിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; ഓരോന്നിന്റെയും സ്ഥാപിത ശേഷി എത്രവീതമാണ് ; ഓരോന്നും എന്നു പൂർത്തീകരിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ചൈനീസ് സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഏതൊക്കെ മേഖലകളിലാണ് സഹായവാഗ്ദാനം ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഓരോ പദ്ധതിയുടെയും നിർമ്മാണ ചെലവ് എത്ര വീതമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 18 മിനി ഫൈനൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) രണ്ടെണ്ണം.

(സി) 1. ചെംപുക്കടവ് ഒന്നാം ഘട്ടം – 2.7 മെഗാവാട്ട് (3 X 0.90 മെഗാവാട്ട്)

2. ചെംപുക്കടവ് രണ്ടാം ഘട്ടം – 3.75 മെഗാവാട്ട് (3 X 1.25 മെഗാവാട്ട്)

(ഡി) ചൈനീസ് സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കുന്ന 18 മിനി ഹൈഡ്രൽ പ്രോജക്ടുകളിൽ 4 എണ്ണം പൈലറ്റ് പദ്ധതികളായി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്.

1. ചെംപുക്കടവ് ഒന്നാം ഘട്ടം – 2.7 മെഗാവാട്ട് (പണി പൂർത്തിയായി)

2. ചെംപുക്കടവ് രണ്ടാം ഘട്ടം – 3.75 മെഗാവാട്ട് (പണി പൂർത്തിയായി)

18A\13

LIBRARY ARCHIVES Kerala Legislative Assembly

3. ഉറുമി ഒന്നാംഘട്ടം – 3.75 മെഗാവാട്ട്
(8/2003-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.)

4. ഉറുമി രണ്ടാംഘട്ടം – 2.40 മെഗാവാട്ട്
(8/2003-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.)

(ഇ) താഴെ പറയുന്ന മേഖലകളിൽ ചൈനയിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്.

1. പദ്ധതി രൂപകല്പന.
2. ഓൺസൈറ്റ് കൺസൾട്ടേഷൻ
3. ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെ സപ്ലൈയും അവയുടെ ഇറക്ഷനും ചൈനയിലെ എച്ച്.ഐ.സി./ഐ.എൻ.എസ്.എച്ച്.പി. എന്ന കമ്പനിയാണ് നൽകിയിട്ടുള്ളത്.

(എഫ്)

		സിവിൽ വർക്ക് (അടങ്കൽ തുക)	മെഷീൻ സപ്ലൈ (യു.എസ്. ഡോളർ)	ഇറക്ഷൻ (യു.എസ്. ഡോളർ)
1.	ചെംപുക്കടവ് ഒന്നാംഘട്ടം	372 ലക്ഷം	946,671	135,934
2.	ചെംപുക്കടവ് രണ്ടാംഘട്ടം	470 ലക്ഷം	1,034,741	136,292
3.	ഉറുമി ഒന്നാംഘട്ടം	548 ലക്ഷം	914,212	134,461
4.	ഉറുമി രണ്ടാംഘട്ടം	455 ലക്ഷം	829,963	130,726

കൂടാതെ മേൽപ്പറഞ്ഞ നാലു പദ്ധതികൾക്കും കൂടിയുള്ള കൺസൾട്ടൻസി ചാർജ്ജ് 142.320 യു.എസ്. ഡോളറാണ്.

ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

10 (2288) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുപകരം എന്തെങ്കിലും സമാന സ്വഭാവമുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly